2013-2014	-	1724.30 ലക്ഷം
2014-2015	-	1838.80 ലക്ഷം
2015-2016	-	133.81 ലക്ഷം

പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്

135 (1509) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ സഹായത്തോടെ ഒരു വൻകിട പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതാണെന്ന 2012-2013-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ഈ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് എവിടെയാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇങ്ങനെ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൊണ്ട് റോഡ് ടാറിംഗ് നടത്താൻ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡുകളുടെ നവീകരണം

136 (1510) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും തുക അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടും ആസ്തി വികസന ഫണ്ടും വിനിയോഗിക്കുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നഗരസഭകളിലെ റോഡുകളുടെ നവീകരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ട് അനുബന്ധ രേഖകൾ സഹിതം സെക്രട്ടേറിയറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെക്ഷനിലെത്തിയാൽ പ്രസ്തുത ഫയലുകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നഗരസഭകളിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത കുറവാണ്.

(ബി) നഗരസഭയിലെ റോഡുകളിലെ നവീകരണത്തിനായി എം.പി.ഫണ്ട്, എം.എൽ.എ. ഫണ്ട്, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവ ഉപയോഗിക്കുന്നുണ്ട്. നഗരസഭകളിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) തനത് ഫണ്ടും ഉപയോഗിക്കുന്നു.

(സി) പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ഡി) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് വികസനം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് തദ്ദേശഭരണ വകുപ്പിലെ ജോലി ഭാരം ഏറ്റവും കൂടിയ സീറ്റിലാണ്. പലവിധകാരണങ്ങളാൽ പ്രസ്തുത സീറ്റിൽ അസിസ്റ്റന്റുമാരെ പല തവണ മാറ്റി നിയമിക്കേണ്ടി വന്നു. തന്മൂലം കുറച്ചുകാലം സീറ്റ് ഒഴിഞ്ഞ് കിടന്നതിനാൽ വന്ന സ്വാഭാവിക താമസം മാത്രമേ ഇക്കാര്യത്തിൽ വന്നിട്ടുള്ളൂ. ഇപ്പോൾ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയലുകൾക്ക് പരമാവധി പ്രാമുഖ്യം നൽകി കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കുന്നുണ്ടെന്ന വിവരം അറിയിക്കുന്നു.

പൊതുശൗചാലയങ്ങൾ

137 (1511) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നഗരങ്ങളിൽ നിർമ്മിച്ച പൊതുശൗചാലയങ്ങളുടെ കണക്ക് നല്കാമോ;

(ബി) പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് പാതയോരങ്ങളിൽ പൊതുശൗചാലയങ്ങൾ നിർമ്മിച്ച് നൽകേണ്ടതല്ലേ;

(സി) എങ്കിൽ തലസ്ഥാനമുൾപ്പടെയുള്ള നഗരങ്ങളിൽ ആവശ്യത്തിന് പൊതുശൗചാലയങ്ങൾ നിർമ്മിക്കുകയും പൊതുജനങ്ങൾക്ക് അവ തടസ്സമില്ലാതെ ഉപയോഗിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly